**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 975** **11-02-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016 മുതൽ നാളിതുവരെ വന്യജീവി ആക്രമണങ്ങളിൽ എത്ര പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്നും എത്ര പേർ ചികിത്സയിലായിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം മൂലം 2016-17 മുതൽ 2024-25 (31/01/2025) വരെ മരണമടഞ്ഞവരുടെയും ചികിത്സയിലായവരുടേയും കണക്ക് വർഷം തിരിച്ച് അനുബന്ധമായി ചേർക്കുന്നു. കൂടാതെ വന്യജീവി വിഭാഗത്തിൽപ്പെടാത്ത കടന്നൽ/ തേനീച്ച എന്നീ ജീവികൾ കാരണം 2019-20 ൽ രണ്ടുപേരും 2021-22 ൽ ഒരാളും 2022-23 ൽ 9 പേരും 2023-24 ൽ 18 പേരും, 2024-25 ൽ (31/01/2025 വരെ) 12 പേരും മരണപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇവർക്കായി നാളിതുവരെ എത്ര രൂപ ധനസഹായമായി അനുവദിക്കപ്പെട്ടിട്ടുണ്ടെന്നും അറിയിക്കാമോ? | (ബി) | മനുഷ്യ-വന്യജീവി സംഘർഷം മൂലവും വന്യജീവി വിഭാഗത്തിൽ പെടാത്ത കടന്നൽ/തേനീച്ച എന്നീ ജീവികളുടെ കുത്തേറ്റും മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്ക് പറ്റിയവർക്കുമായി 2016-17 മുതൽ 2024-25 (31/12/2024) വരെ ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ച് ആകെ 5288.92 ലക്ഷം രൂപ (അമ്പത്തി രണ്ടു കോടി എൺപത്തെട്ടു ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരം രൂപ മാത്രം) ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം- 975

| വർഷം | മനുഷ്യ-വന്യജീവി സംഘർഷത്തിൽ മരണപ്പെട്ട മനുഷ്യരുടെ എണ്ണം | | | | | | | പരിക്ക പറ്റിയവരുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| | ആന | കാട്ടുപന്നി | കടുവ | കാട്ടുപോത്ത് | മറ്റുള്ളവ | | | |
| 2016-17 | 23 | 2 | 1 | 0 | 0 | 119 | **145** | 798 |
| 2017-18 | 21 | 3 | 2 | 1 | 0 | 92 | **119** | 846 |
| 2018-19 | 17 | 5 | 0 | 0 | 1 | 123 | **146** | 765 |
| 2019-20 | 13 | 3 | 2 | 0 | 1 | 71 | **90** | 699 |
| 2020-21 | 27 | 8 | 1 | 0 | 0 | 52 | **88** | 988 |
| 2021-22 | 35 | 6 | 1 | 3 | 3 | 65 | **113** | 758 |
| 2022-23 | 27 | 7 | 1 | 1 | 5 | 48 | **89** | 1275 |
| 2023-24 | 22 | 11 | 1 | 4 | 4 | 34 | **76** | 1603 |
| 2024-25 (*31/01/2025 വരെ) | 12 | 8 | 1 | 0 | 1 | 31 | **53** | 1235 |
| **ആകെ** | **197** | **53** | **10** | **9** | **15** | **635** | **919** | **8967** |